## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.587 28.09.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ് വനപ്രദേശങ്ങളുമായി ചേർന്ന് ജീവിക്കുന്ന ജനങ്ങളുടെ ജീവനും കൃഷിക്കും വലിയ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വനപ്രദേശങ്ങളുമായി ചേർന്ന ചില സ്ഥലങ്ങളിൽ വന്യമൃഗങ്ങൾ മനുഷ്യജീവനും കൃഷിക്കും ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ജനജീവിതത്തിനും കൃഷിക്കും സംരക്ഷണം നൽകുന്നതിനായി കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | (ബി) ജനജീവിതത്തിനും കൃഷിക്കും സംരക്ഷണം നൽകുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികളായ സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം, ആനപ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ, സ്റ്റീൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നുണ്ട്. കൂടാതെ പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം, വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും, ഭക്ഷണലഭ്യത ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രശ്നബാധിത |

മേഖലകളിൽ കാട്ടിൽ നിന്നും പുറത്തേക്ക വരുന്ന വന്യജീവികളെ കുറിച്ച് വിവരം ലഭിച്ച ഉടൻ തന്നെ എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികളെ അറിയിക്കുവാനും ജാഗ്രത പാലിക്കുവാനുള്ള നിർദ്ദേശം നൽകുവാനുമായുള്ള Early Warning SMS Alert System വയനാട്, മൂന്നാർ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി കൊല്ലുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി നീട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്കും കൃഷി നാശത്തിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന വിഷയത്തിൽ കേരള നിയമസഭയുടെ വിഷയനിർണ്ണയ സമിതി-X ന്റെ 2015-16 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാം റിപ്പോർട്ടിലെ 10-ാം ശുപാർശ പ്രകാരം വന്യജീവി ആക്രമണം മൂലം ജീവഹാനി സംഭവിച്ചവർക്ക് ലഭ്യമാകുന്ന നഷ്ടപരിഹാരം ഉയർത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാർ യുക്തമായ തീരുമാനം സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ